# ജന്മി.

ജന്മികളുടെ കാൎയ്യം പ്രതിപാദിക്കുന്ന

ഏക മലയാള മാസിക.

പുസ്തകം ൧ ൧൦൯൨ കുംഭം നമ്പർ ൨


## ജന്മാവകാശം.

തുടൎച്ച

പ്രജാഭരണത്തിൽ ആദ്യത്തെ നിലയായ ഗ്രാമസംഘരീതിയെപ്പററിയും, പിന്നീടുണ്ടായ അതിൻെറ പരിണാമഭേദങ്ങളെക്കുറിച്ചും, ഒടുവിൽ അത് ഒരു പ്രബലപ്പെട്ട നാടുവാഴിഭരണമായിത്തീൎന്ന സംഗതിയെ പററിയും മററും കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചുവല്ലൊ. ജനസംഖ്യ ക്രമത്തിൽ വൎദ്ധിക്കുന്നതോടുകൂടി പല മാററങ്ങളും ഭരണസമ്പ്രദായത്തിൽ എന്നുവേണ്ട, സാമുദായികമായ എല്ലാ ഏൎപ്പാടുകളിലും ഉണ്ടാവുന്നതു പതിവാണ്. "കയ്യൂക്കുള്ളവൻ കാൎയ്യക്കാരൻ" എന്നുള്ള തത്വത്തിന്നു ദിനംപ്രതി പ്രാബല്യം വന്നുതുടങ്ങി. ബലവാനായ ഒരു നാടുവാഴി ക്ഷീണിച്ചിരിക്കുന്ന മറെറാരു നാടുവാഴിയുടെ രാജ്യം അക്രമിച്ചു സ്വാധീനമാക്കാൻ തുടങ്ങി. ഇങ്ങിനെ ബലത്തിൻെറ അവസ്ഥപോലെ ഒരുവൻ മററ് അനേകം കൂട്ടരെ ജയിച്ചു കീഴടക്കുകയും, അയാളുടെ രാജ്യം വളരെ വിസ്തീൎണ്ണമായി പരിണമിക്കുകയും ചെയ്യാനിടവന്നു.

ഈ ഘട്ടത്തിലാണ് ഒരു പുതിയ മാതിരി ഭരണരീതിയും തന്മൂലമുള്ള ഭൂമി ഉടമാവകാശവും ഉൽഭവിച്ചത്. ഒരു മഹാരാജാവിന്റെ കീഴിൽ അനേകം സാമന്തന്മാർ അല്ലെങ്കിൽ ഇടപ്രഭുക്കന്മാർ അതല്ലെങ്കിൽ മാടമ്പികൾ ഉണ്ടായി തീൎന്നു. ഇവരെ സ്ഥാനത്തു വെക്കുവാനും അവിടെനിന്നു നീക്കുവാനുമുള്ള അധികാരം ഈ രാജാവിന്നാണ്. ഇടപ്രഭുക്കന്മാരോടു പല അവസരങ്ങളിലും പല വിധത്തിലും ആയി പലതരം പിരിവുകൾ രാജാവു പിരിച്ചിരുന്നു. ഈ പിരിവുകൾ പല രാജ്യങ്ങളിലും പല വിധത്തിലുമായിരുന്നു. ചില രാജ്യങ്ങളിൽ രാജാവിന്നു യുദ്ധം ഉണ്ടാവുമ്പോൾ പ്രഭുക്കന്മാർ കുറേ പണവും സൈന്യങ്ങളും കൊടുക്കണമെന്നായിരുന്നു നിശ്ചയം. മററു ചില രാജ്യങ്ങളിൽ സൈന്യം മാത്രമായാൽ മതിയായിരുന്നു. വേറെ ചില രാജ്യങ്ങളിൽ പണംകൊണ്ടു മാത്രം രാജാവു തൃപ്തിപ്പെട്ടിരുന്നു. നാലാമതു ചില രാജ്യങ്ങളിൽ യുദ്ധകാലത്ത് അധികമായൊന്നും വസൂലാക്കുകയില്ല; എന്നാൽ കൊല്ലംതോറും ഒരു ക്ലിപ്തമായ സംഖ്യ കരമായി വസൂലാക്കിയിരുന്നു താനും. ഇനി കൊല്ലംതോറും ചെറിയതായ ഒരു കരം വാങ്ങുകയും, യുദ്ധകാലത്തു കുറെ അധികം പണം വസൂലാക്കുകയും ചെയ്യുന്ന സമ്പ്രദായവും ഉണ്ടായിരുന്നില്ലെന്നില്ല. ഇങ്ങിനെയുള്ള പിരിവിന്നു പുറമെ “അങ്കം ചുങ്കം കാട്ടു കടൽ” എന്നിങ്ങിനെയുള്ള പിരിവുകളും രാജാവിന്റെ സ്വയാധികാരങ്ങൾ തന്നെ ആയിരുന്നു. വല്യ പ്രഭുക്കന്മാരും സ്ഥാനം മാറുന്ന സമയം “വാഴ്ചപ്പിരിവു” (Success-ion duty) എന്ന ഇനത്തിൽ ഒരു സംഖ്യയും രാജാവു വസൂലാക്കമാറുണ്ടായിരുന്നു. ഇങ്ങിനെ തുടങ്ങി അനേകം പിരിവുകൾ മഹാരാജാവു പിരിച്ചിരുന്നതുപോലെ തന്നെ ഇടപ്രഭുക്കന്മാരും അവരുടെ കീഴിലുള്ള പ്രഭുക്കന്മാരോട് അവസ്ഥാനുസരണം പിരിച്ചു വന്നിരുന്നു.

ഇതേമാതിരിയിലുള്ള ഭരണരീതിയാകട്ടെ യൂറോപ്പി

ലെ ചരിത്രക്കാർ മദ്ധ്യകാലം * എന്നു പറഞ്ഞുവരുന്നതായ ഏതാണ്ട് ആയിരംകൊല്ലത്തിലധികം കാലം ആ രാജ്യത്തു നിലനിന്നതായി അറിയുന്നു. ഇന്ത്യയിൽ രാജപുട്ടാനാ എന്ന സ്ഥലത്ത് ഇപ്പോഴും ഈ സംപ്രദായം ഏറക്കുറെ സ്പഷ്ടമായവിധത്തിൽ കാണപ്പെടുന്നുണ്ട്. ഹൈദരാലിയുടെ ആക്രമണകാലത്തിന്നുമുമ്പെ നമ്മുടെ മലയാളരാജ്യത്തും ഈ മാതിരി ഭരണരീതിയാണ് ഉണ്ടായിരുന്നതെന്നു ചില രേഖകളാൽ തെളിയുന്നുണ്ട്. ഈ സമ്പ്രദായത്തിന്ന് ഇംഗ്ലീഷിൽ ഫ്യൂഡൽ സിസ്റ്റം (Feudal system) എന്നാണ് പറയുമാറുള്ളത്. ഈ ഒരു സമ്പ്രദായത്തിൻെറ ഉത്ഭവത്തെക്കുറിച്ചും നടവടിക്രമങ്ങളെപററിയും മററും കേൾക്കുന്നതു വായനക്കാർക്ക് വളരെ രസകരമായിരിക്കുമെങ്കിലും വളരെ വിസ്തരിക്കേണ്ടതായ ആവക സംഗതികളെല്ലാം ഈ ഘട്ടത്തിൽ എടുത്തുപറയുവാൻ ഞാൻ ഒരുങ്ങുന്നില്ല. ഏതുരാജ്യത്തെ ചരിത്രം നോക്കിയാലും ഈ മാതിരി ഭരണരീതിതന്നെ ഏറക്കുറെ കാലത്തേക്ക് അല്പം ചില ഭേദഗതികളോടുകൂടി അവിടവിടെ പ്രബലപ്പെട്ടിരുന്നു എന്നറിയാം. എന്നാൽ ഈ ഭരണരീതിയാകട്ടെ അതിൻെറ നടവടിവ്യത്യാസങ്ങൾക്കനുസരിച്ചു പലവിധത്തിലും പരിണമിച്ചുവശായി.

ചിലരാജ്യങ്ങളിൽ രാജ്യവും അതിലുള്ള ഭൂസ്വത്തുമുഴുവനും രാജാവിൻേറതാണെന്നും രാജാവുകൊടുത്ത വഴിക്ക് അത് ഇടപ്രഭുക്കന്മാർക്ക് സിദ്ധിച്ചു എന്നും സിദ്ധാന്തിച്ചിരുന്നു. രാജഭക്തിയില്ലാത്ത ഇടപ്രഭുക്കന്മാരെ സ്ഥാനത്തുനിന്നു നീക്കം ചെയ്യാനും അവരുടെ സ്വത്ത് അടക്കുവാനും യുദ്ധം മുതലായ അധികച്ചിലവുള്ള കാലങ്ങളിൽ ആവശ്യംപോലെ കരം പിരിപ്പാനും മററുമുള്ള പൂർണ്ണാധികാരം രാജാവിന്നുണ്ടായിരുന്നു. മററുചിലരാജ്യങ്ങളിൽ രാജാവു ക്ലിപ്തമായ ചിലഅവസരങ്ങളിൽ ക്ലിപ്തമായ ചില സംഖ്യകൾ ഇടപ്രഭുക്കന്മാരോടു വസൂലാക്കുന്നതുകൂടാതെ വേറെയാതൊ

* ക്രിസ്ത്വാബ്ദം 476 മുതൽ 1498 വരെ.

ന്നിന്നും ആയാൾക്കു് അവകാശമുണ്ടായിരുന്നില്ല. ആദ്യം പറഞ്ഞ മാതിരിയിൽ രാജാവിന്നു സ്വയാധികാരവും ബലവും വർദ്ധിക്കുകയും, അതിനാൽ ശത്രുസംഹാരത്തിന്നുള്ള ശക്തി തുലോം അധികരിക്കുകയും ചെയ്യു. എന്നാൽ ഈ സ്വയാധികാരവും ബലവും നിലനിൎത്തുവാൻ ആവക ചില രാജാക്കന്മാർ വളരെ പണിപ്പെട്ടുകയും, മററു ചിലർ ഇടവിടാതെയുള്ള കലക്കങ്ങളാൽ തങ്ങളുടെ രാജ്യബലത്തിൻെറ ഏതാണ്ടു് ഒരുഭാഗം തന്നാട്ടിലെ പ്രഭുക്കന്മാൎക്കോ നാട്ടുകാൎക്കോ വിഭജിച്ചു കൊടുക്കുകയും ചെയ്യേണ്ടിവന്നിട്ടുണ്ടു്. രണ്ടാമതുപറഞ്ഞ മാതിരിയിൽ പല രാജാക്കന്മാരും കാലംകൊണ്ടു ബലഹീനന്മാരായി തങ്ങളുടെ രാജ്യം ശത്രുക്കൾക്കു കൊടുക്കേണ്ടി വരികയും ചെയ്തിരിക്കുന്നു. രാജബലം ഒരേടത്തു് ഏകോപിച്ചാലെ ശത്രുസംഹാരത്തിന്നും കലക്കം കൂടാതെ സ്വരാജ്യം ഭരിക്കേണ്ടതിന്നും മതിയാകയുള്ളു എന്നുള്ള തത്വം ഈ രണ്ടാമതു പറഞ്ഞ മാതിരിയിൽ പ്രബലമാകണമെങ്കിൽ ഒരിക്കലും തരമുണ്ടാവുന്നതല്ല. ഇങ്ങിനെ പല വിധത്തിലും പരിണമിച്ചിരിക്കുന്ന ഈ ഭരണരീതി ഭൂമിയുടെ ഉടമാവകാശത്തെ പല പ്രകാരത്തിലും ബാധിച്ചിട്ടുണ്ടു്. ഇംഗ്ലണ്ടിൽ ഭൂമിഉടമസ്ഥന്മാർ ഇന്നും സൎക്കാരിലേക്കു നിലനികുതി കൊടുക്കുന്നില്ല. യൂറോപ്പുവൻകരയിൽ വളരെ കാലമായിട്ടുതന്നെ സ്വല്പം ഒരു നിലനികുതി പിരിച്ചിരുന്നു. ഇന്ത്യയിൽ സ്മൃതികൎത്താക്കന്മാരുടെ കാലത്തിന്നു മുമ്പായിതന്നെ ഷഷ്ഠാംശം കരം വസൂലാക്കിയിരുന്നുവല്ലൊ. മഹമ്മദീയരുടെ വാഴ്ചകാലത്തു് ഇവിടെ അതു നൂററിന്നു് എഴുപതും എൺപതും കണ്ടു പിരിച്ചിരുന്നു. മലയാളത്തിൽ ഹൈദരുടെ ആക്രമത്തിന്നുമുമ്പെ നിലനികുതി ഒരു പൈ പോലും പ്രജകൾ കൊടുത്തിരുന്നില്ല. ഇങ്ങിനെ കരം പലപ്രകാരത്തിലുമാകുവാനുള്ള ചരിത്രസംഭവങ്ങൾ പലതുമുണ്ടു്. അതൊക്കെ വിവരിക്കുവാനുള്ള അവസരം ഇതല്ലല്ലൊ.

ഭൂമിയുടെ ഉടമാവകാശത്തെപ്പററി പറയുന്നേടത്തു രാജ്യഭരണരീതിയുടെ വകഭേദങ്ങളെക്കുറിച്ച് ഇത്രയൊക്കെ പറവാനുണ്ടോ എന്നു പലരും സംശയിച്ചേക്കാം. എന്നാൽ എല്ലാരാജ്യത്തിലേയും ഭൂമിഉടമാവകാശം അവിടത്തെ ഭരണരീതിയുടെ സമ്പ്രദായഭേദങ്ങൾ പോലെയാണ് ആയിത്തീരുന്നതെന്നുള്ള ധാരണ വായനക്കാൎക്കുണ്ടായാൽ ഈ ശങ്കക്കു് ഒരിക്കലും ഇടയുണ്ടാവുന്നതല്ല. ഭരണരീതിയുടെ പരിണാമഭേദങ്ങളാൽ ഭൂമിയുടെ ഉടമസ്ഥന്മാർ പലപ്പോഴും മാറുവാൻ മാത്രമല്ല സംഗതിയുണ്ടായിട്ടുള്ളൂ. ആ ഉടമാവകാശത്തിന്റെ യോഗ്യതക്കും കുറവിനും എന്നുവേണ്ട, അതിന്റെ കീഴിലുള്ള കുടിയായ്മഅവകാശങ്ങളുടെ സ്വഭാവങ്ങൾക്കും കൂടി വളരെ ഭേദഗതിവരുവാൻ ഇടവന്നിട്ടുണ്ട്. ഇതുകൊണ്ടാണ് ഭരണരീതിയുടെ ചുരുക്കം ചില ഗതികളെപ്പററി ഇത്രയും ഇവിടെ പ്രസ്താവിച്ചതു്.

ഭൂമിഉടമാവകാശം ഗ്രാമസംഘങ്ങളിൽ ഏതു വിധമാണ് ഉണ്ടായതെന്നും, അതു പിന്നെ പ്രായേണ യുദ്ധവീരന്മാൎക്കധീനമായി തീൎന്നതു് എങ്ങിനെ എന്നും കഴിഞ്ഞലക്കത്തിൽ പറഞ്ഞുവല്ലൊ. കാലത്താൽ ഭരണരീതി എത്രതന്നെ മാറിയാലും ഗ്രാമസമ്പ്രദായങ്ങൾക്കു വലിയ ഭേദഗതിയൊന്നും വന്നിട്ടില്ലായിരുന്നു. രാജ്യത്തിന്റെ മൂലകാരണമായ ഈ ഗ്രാമങ്ങൾ പലപ്പോഴും പല നാടുവാഴികൾക്കും അധീനമായി എങ്കിലും അവർ ഗ്രാമസമ്പ്രദായങ്ങളെ ഭേദപ്പെടുത്തുവാൻ ശ്രമിക്കുകയുണ്ടായിട്ടില്ല. തെക്കൻ ഇന്ത്യയിൽ ഈ തത്വം വിശേഷിച്ചും സ്പഷ്ടമാവുകയും, അവിടത്തെ ഗ്രാമസംഘങ്ങൾ വളരെ കാലമായി തങ്ങൾക്കുള്ള പഴയ സ്വാതന്ത്ര്യം അനുഭവിച്ചു പോരുകയും ചെയ്തിരുന്നു. എന്നാൽ ബ്രിട്ടീഷ് ഗവൎമ്മെണ്ടിന്റെ പ്രത്യേകതരമായ ഒരു ഭരണസമ്പ്രദായത്താൽ ഈ സംഘങ്ങളുടെ സ്വാതന്ത്ര്യവും അതുകൊണ്ടുണ്ടാകുന്ന സാമുദായികഗുണങ്ങളും കേവലം അസ്തമിച്ചു പോയി

രിക്കുന്നു എന്നു വ്യസനപൂർവ്വം പറയേണ്ടിവന്നിരിക്കുന്നു. സ്വാതന്ത്ര്യത്തോടുകൂടി സുഖമായി വളരെക്കാലം വാണുവന്നിരുന്ന ഈ ഗ്രാമസംഘങ്ങളാകട്ടെ കോയ്മകളുടെ പലപ്പോഴുമുണ്ടായ മാററങ്ങളിലും ഇത്ര വലിയ സങ്കടം അനുഭവിക്കുകയുണ്ടായിട്ടില്ല. കോയ്മകൾ വ്യത്യാസപ്പെട്ടാലും ഗ്രാമഭൂമികളുടെ ഉടമാവകാശം അന്യന്മാൎക്കധീനമായാലും അവൎക്ക് അതുകൊണ്ടു വിശേഷിച്ച് ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. ഗ്രാമാധിപതികൾ അന്നും കൃഷിക്കാർ കൃഷിചെയ്തുണ്ടാക്കുന്ന വിളവിൽ അതാതാളുകൾക്കുള്ള ഭാഗം തിരിച്ചു കൊടുത്തിരുന്നു. വിളവിൽ നാടുവാഴിയുടെ ഭാഗമായ കരം, ജന്മിയുടെ ഭാഗമായ പാട്ടം, ഇതുകളൊക്കെ യാതൊരു വ്യത്യാസവുംകൂടാതെ പിരിച്ചു കൊടുത്തിരുന്നത് ഇവർതന്നെ ആയിരുന്നു. ഇതിനുപുറമെ ഞങ്ങൾക്കും ഒരു അവകാശം ഈ കൂട്ടത്തിൽ ഉണ്ട്". ഇതും നടപ്പുകാരന്റെ ഭാഗവും വിഭജിക്കുന്നതിലും ക്ലിപ്തമായ ചില നിയമങ്ങൾ ഉണ്ടായിരുന്നു. ഇതിനുപുറമെ ഗ്രാമത്തിലെ ആശാരി, കൊല്ലൻ ഇങ്ങിനെ തുടങ്ങിയ പല പണിക്കാൎക്കും ചില ചില്ലറ ഭാഗങ്ങൾ കൊടുക്കുകയും പതിവുണ്ടായിരുന്നു.

ഭൂമി ഉടമസ്ഥന്മാർ പലപ്പോഴും മാറിവരുന്ന ദിക്കിൽ വല്ല നിയമവും ഉണ്ടായിട്ടുണ്ടോ എന്നാണ് ഇനി ഒന്നാലോചിപ്പാനുള്ളത്. ഇതിന്റെ പ്രധാനനിയാമകം ചരിത്രസംഭവങ്ങളുടെ ഗതിഭേദങ്ങൾതന്നെ ആണെങ്കിലും ഈ ഭൂമിയുടമാവകാശമാററങ്ങൾ താഴെപറയുന്ന മൂന്നുവിധത്തിലല്ലാതെ ഉണ്ടായി കാണുന്നതു ദുർല്ലഭമാണ് (I) രാജ്യവും ഭൂമിയും രാജാവിന്റേതുതന്നെ ആണെന്നുള്ള തത്വ * ത്തിന്

* മേൽപ്രസ്താവിച്ചതായ ഫ്യൂഡൽ സിസ്റ്റ(Feudal system)ത്തിന്റെ പ്രധാനതത്വം ഇതാകുന്നു. യൂറോപ്പുരാജ്യത്തിൽ ചരിത്രപ്രസിദ്ധമായ "അന്ധകാരകാല"ത്തിന്റെ അല്ലെങ്കിൽ മദ്ധ്യകാലത്തിന്റെ അവസാനത്തോടുകൂടി ഈ തത്വം ക്ഷീണിച്ചു

നുസരിച്ച രാജാവ് ഇടപ്രഭുക്കന്മാർക്കോ വേറെ വല്ലവർക്കോ മാന്യമായോ വേറവിധത്തിലോ ദാനം ചെയ്തിട്ടു കിട്ടുന്ന വിധം. (2) രാജാവും ഇടപ്രഭുക്കന്മാരുമായിട്ടുള്ള കലഹത്തിൽ അശക്തനായ രാജാവിനോടു പ്രഭുക്കന്മാർ അവകാശം ബലാൽക്കാരേണ സ്വീകരിച്ചവിധം. (3) ഇങ്ങിനെ രണ്ടുവിധം കിട്ടുന്നതായ അവകാശം വിലയ്ക്കു തീറുകൊടുത്തു കൈമാറുന്നവിധം.

രാജ്യവും ഭൂമിയും രാജാവിന്റേതുതന്നെ ആണെന്നുള്ള ബോധം പണ്ടത്തെ ഹിന്ദുരാജാക്കന്മാരുടെ ഇടയിൽ ധാരാളം പ്രബലമായിരുന്നു എന്നു തോന്നുന്നില്ല. ഇടപ്രഭുക്കന്മാരോടു പലപ്പോഴും ചില അവകാശങ്ങൾ രാജാവു പിരിച്ചിരുന്നു എങ്കിലും അതിന്നൊക്കെ ക്ലിപ്തമായ ചില നിയമങ്ങൾ ഉണ്ടായിരുന്നു. രാജബലം എന്നതു ഹിന്ദുരാജാക്കന്മാരുടെ ഇടയിൽ പാശ്ചാത്യരാജാക്കന്മാർക്കുണ്ടായിരുന്ന ബലത്തോടു തട്ടിച്ചു നോക്കുന്നതായാൽ കുറെ കുറവായിരുന്നു എന്നുതന്നെയാണ് പറയേണ്ടത്. ഇതുനിമിത്തമാണ് വടക്കൻ ഇന്ത്യയിലെ ഹിന്ദുരാജ്യങ്ങൾ ക്രിസ്ത്വാബ്ദം 12-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി മഹമ്മദീയരാജാക്കന്മാർക്ക് അധീനമാവേണ്ടിവന്നത്. മഹമ്മദീയരാജാക്കന്മാർ ഇന്ത്യയിൽ ഏർപ്പെടുത്തിയിരിക്കുന്ന രാജനീതി രാജ്യവും ഭൂമിയും രാജാവിന്റേതുതന്നെ ആണെന്നുള്ള തത്വത്തിന്നനുസരിച്ചായിരുന്നു. വീരന്മാരാണെങ്കിലും രാജബലം കുറഞ്ഞിരിക്കുന്ന ഹിന്ദുരാജാക്കന്മാർ ഈ നീതിക്കു

---

തുടങ്ങുകയും, പിന്നീടുണ്ടായ "പരിഷ്കാരകാലത്ത്" ക്രമത്തിൽ പ്രജകൾക്കനുകൂലമായി ചില ഭേദഗതികൾ ഉടമാവകാശത്തിൽ വന്നു തുടങ്ങുകയും ചെയ്തു. ഇന്ത്യയിലാകട്ടെ മഹമ്മദീയരുടെ കാലത്തൊക്കെ ഈ തത്വം പ്രബലമായിത്തന്നെ ഇരുന്നിരുന്നു. അതിന്നു ശേഷം വന്നതായ ബ്രിട്ടീഷുഗവർമ്മെണ്ടു പക്ഷെ മഹമ്മദീയസമ്പ്രദായത്തെ കാതലാക്കീട്ടാണ് കുടിയായ്മരീതികളെ ഉറപ്പിച്ചത്.

തിരായി വളരെ കലഹിച്ചു എങ്കിലും തങ്ങൾക്കു പോയിരിക്കുന്ന സ്വാതന്ത്ര്യം തിരിയെ ലഭിക്കുവാൻ അവക്കു സാധിക്കുകയുണ്ടായില്ല. അവരിൽ മിക്കപേരും ആളുകൾ ഇപ്പോൾ രാജപുട്ടാനാ എന്ന പ്രസിദ്ധമായ സ്ഥലത്തേക്കു പുറപ്പെട്ടുപോയി. അതിൽ ചിലർ തെക്കൻ ഇന്ത്യയിൽ വന്ന് അവിടവിടെയായി ചില കോയ്മകൾ സ്ഥാപിച്ചു അതിൽ പ്രധാനമായതു ചരിത്രപ്രസിദ്ധമായ വിജയനഗരമഹാരാജ്യമാണ്.

കാലംകൊണ്ടു മഹമ്മദീയരാജാക്കന്മാർ തെക്കെ ഇന്ത്യയിലേക്കും കടന്നു കൂടുകയും, അവിടത്തെ രാജ്യങ്ങൾ കീഴടക്കുകയുംചെയ്തു തുടങ്ങി. മേൽകാണിച്ച രാജനീതിയാൽ, അതായതു രാജ്യവും ഭൂമിയും രാജാവിന്റേതുതന്നെയാണെന്നുള്ള സംഗതിയാൽ, രാജബലം തുലോം വർദ്ധിച്ചിരിക്കുന്ന ഈ മഹമ്മദീയർ കാലംകൊണ്ടു ഹിന്തുരാജാക്കന്മാരെ അടിച്ചുടച്ചു തെക്കൻഇന്ത്യയിൽ അധികഭാഗവും അധീനമാക്കിക്കളഞ്ഞു. എന്നാൽ കേരളരാജ്യത്തിൽ മഹമ്മദീയ കോയ്മയുടെ ഉദയം ക്രിസ്ത്വാബ്ദം 18.ാം നൂററാണ്ടിന്റെ മദ്ധ്യത്തിലധികവും കഴിഞ്ഞതിന്നു ശേഷമായിരുന്നു, കിഴക്കു ഭാഗത്തു തെക്കുവടക്കായി നീണ്ടു കിടക്കുന്ന പശ്ചിമഘട്ടത്താൽ രക്ഷിക്കപ്പെട്ടിരിക്കുന്ന കേരളത്തിൽ രാജ്യവും ഭൂമിയും രാജാവിന്റേതാണെന്നുള്ള മഹമ്മദീയസിദ്ധാന്തത്തിന്നു വളരെ കാലം പ്രചാരം കൂടാതെതന്നെ കഴിഞ്ഞു കൂടി. എന്നാൽ 1762-ൽ കന്നടരാജ്യവും, 1766-ൽ മലയാളരാജ്യവും ചരിത്രപ്രസിദ്ധനായ ഹൈദരാലിയുടെ സർവ്വസംഹാരകമായ രാജബലത്തിന്നധീനമാവുകയും, അതിന്നുശേഷം മേൽപറഞ്ഞ മഹമ്മദീയസിദ്ധാന്തം ഈ രാജ്യത്തു വേരൂന്നിപിടിക്കുവാൻ തുടങ്ങുകയും ചെയ്തു. പക്ഷെ ഹൈദരാലി 1782-ൽ മരിച്ചതിനാൽ അയാളുടെ മകനായ ടിപ്പുസുൽത്താനും ഇംഗ്ലീഷുകാരുമായി 1792-ൽ ഉണ്ടായ ഒരു സമാധാനകരാറുപ്രകാരം മലയാളരാജ്യം ഇംഗ്ലീഷുകാൎക്ക് അധീന

മായിത്തീൻ. ഇംഗ്ലീഷുകാരാകട്ടെ ഹൈദരാലിയുടെ തോതിനെ അനുസരിച്ചു നികുതിസമ്പ്രദായത്തെ ഉറപ്പിക്കുവാൻ ആരംഭിക്കുകയാണ് ചെയ്തത്. എന്നാൽ കേരളത്തിൽ സ്വകാര്യഉടമാവകാശത്തെ പ്രബലപ്പെടുത്തുന്നതായ പഴയ നടവടികൾ ധാരാളം ഉണ്ടായിരുന്നതിനാലും, ഹൈദരാലിയുടെ വാഴ്ചകാലം അധികമുണ്ടാവാത്തതുകൊണ്ട് അയാളുടെ തോത് ഉറച്ചുവരുവാൻ സംഗതിയാവാത്തതിനാലും, അതിന്നു പിന്നീടുവന്നതായ ബ്രിട്ടീഷുഗവർമ്മെണ്ടിന്നു പഴയനടവടികളെ കേവലം നിരസിച്ചു നടക്കുവാൻ കുറെ മടിയുണ്ടായതുകൊണ്ടും മലയാളത്തിലെ ഭൂമിഉടമാവകാശങ്ങൾ കിഴക്കൻ ജില്ലകളിലെപോലെ അല്ലാതെ പ്രജകൾക്കു കുറെ അനുകൂലമായിവരുവാൻ സംഗതിവന്നു.

കെ. സി. മാനവിക്രമൻരാജാ, ഡി. സി.

---

ജന്മികുടിയാന്മാർ തമ്മിൽ ഐകമത്യം
വർദ്ധിപ്പിക്കുന്നതിന്ന്

# എടുക്കേണ്ടുന്നവഴികൾ

ജന്മികുടിയാന്മാർ തമ്മിൽ ഐകമത്യം വർദ്ധിപ്പിക്കുന്നതിന്ന് എടുക്കേണ്ടുന്ന മാർഗ്ഗങ്ങൾ പലതുമുണ്ടെങ്കിലും അവയിൽ ചിലതിനെ ഇവിടെ പറയാം.

ഒന്നാമതായി ഇതിന്നു രണ്ടു കൂട്ടരും അന്യോന്യം യോജിപ്പോടുകൂടി ഇരിക്കണമെന്നും, അപ്രകാരം ഇരിക്കുന്നതാണ് ഇരുഭാഗക്കാർക്കും ഗുണമെന്നും രണ്ടു കൂട്ടർക്കും ഒരു വിശ്വാസം ഉണ്ടായിരിക്കേണ്ടതാകുന്നു. പിന്നെ വേണ്ടതു കൊടുക്കേണ്ടതു സമയത്തിന്നു കൊടുക്കണമെന്നു കുടിയാന്നും, കിട്ടേണ്ടതു സമയത്തിന്നു കിട്ടിയാൽ തൃപ്തിയായി എന്നു ജ

ന്മിക്കും ഒരു ബുദ്ധി ഉണ്ടായിരിക്കുകയാണ്.

കിട്ടേണ്ടത് എന്താണ്, കൊടുക്കേണ്ടത് എന്താണ്" എന്നതിന്റെ ഒരു ഖണ്ഡിതം രണ്ടാമത്തെ കാര്യമാകുന്നു. ഒന്നാമത്തേതു ദൃഢമായി ഉറപ്പിച്ചാൽ രണ്ടാമത്തേതിന്നു പിന്നെ വളരെ വൈഷമ്യമില്ല.

ജന്മികൾ പിന്നെ ഒരു കാര്യം പ്രത്യേകം ചെയ്യേണ്ടതു കുടിയാന്മാരെ ദയയോടുകൂടി നോക്കുകയാകുന്നു. കുടിയാൻ ജന്മിക്കു, പുരസ്സു ഭിത്തി എപ്രകാരമോ, അപ്രകാരമാകുന്നു. അവർ നമ്മളെ(ജന്മികളെ) കാണ്മാനായോ മററോ വന്നാൽ സന്തോഷത്തോടെ സ്വീകരിക്കേണ്ടതും, സൌമുഖ്യത്തോടുകൂടി സംസാരിക്കേണ്ടതും നമ്മളുടെ ബാദ്ധ്യതയാകുന്നു. അവരുടെ ഇഷ്ടകഷ്ടങ്ങളെ നമ്മൾ അന്വേഷിക്കേണ്ടതും ആകുന്നു.

നമ്മൾക്ക് അടക്കേണ്ടതെല്ലാം സമയത്തിന്ന് അടക്കുവാൻ നിവൃത്തിയാവുന്നില്ലെന്നു കാണിപ്പാൻ വല്ല ബുദ്ധിമുട്ടോ സങ്കടമോ കുടിയാൻ നമ്മളെ അറിയിക്കുന്നതായാൽ ആദ്യം അതു വാസ്തവമാണെന്നു വെച്ചു നമ്മൾ സ്വീകരിക്കണം. അതിന്നു ശേഷം പിന്നെ അതിനെപ്പററി സൂക്ഷ്മമായി അന്വേഷിക്കേണ്ടതും, അന്വേഷണത്തിൽ തൽക്കാലം ഒഴിഞ്ഞുപോകുവാൻ വേണ്ടി എടുത്ത ഒരു വിദ്യയാണെന്നു പ്രത്യക്ഷമായാൽ മേലിൽ അപ്രകാരം വരാതിരിപ്പാൻ ആയാൾക്കു നമ്മളുടെ അപ്രീതിയെ കാണിക്കേണ്ടതും ആകുന്നു.

നമ്മൾക്കു കിട്ടേണ്ടതായ പാട്ടമാവട്ടെ, മിച്ചവാരമാവട്ടെ, പലിശയാവട്ടെ, വാങ്ങേണ്ടതിന്ന് അതാതു കൊല്ലം കുംഭം 1-ാംനു- മുതൽ മീനം 30-ാംനു- കൂടിയ കാലത്തിന്നുള്ളിൽ പ്രത്യേകം ജാഗ്രതചെയ്യേണ്ടതാകുന്നു. ഈ കാലത്തു ചെയ്യുന്ന നിഷ്കൃഷ്ട ഒരുസമയം ചിലക്കു കുറെ അപ്രീതിക്കു കാരണമായേക്കാമെങ്കിലും, രോഗികൾക്ക് ഔഷധസേവനത്തെപ്പോലെ, പിന്നെ സന്തോഷത്തിന്നു കാരണമാകുന്ന

ത്തമാകുന്ന. ഇതുചെയ്യാതെ പാട്ടം കുടിയാന്റെ വശം തന്നെ നിൎത്തിവെക്കുകയും, ക്ഷാമകാലമായ കൎക്കിടകം—ചിങ്ങം കാലത്ത് അതു ചോദിക്കുകയോ അതിന്റെ അപ്പോഴത്തെ വില അടപ്പാൻ ആവശ്യപ്പെടുകയോ ചെയ്യുകയും ചെയ്യുന്നതു തെററായ പ്രവൎത്തികളിൽ ഒന്നാകുന്ന. ക്ഷാമകാലമാകയാൽ കുടിയാൻ അതിനെ വേറെപ്രകാരത്തിൽ ചിലവാക്കുകയും, ആ മുതൽ കിട്ടുവാനുണ്ടല്ലൊ എന്ന വിചാരിച്ച നമ്മൾ വല്ല ഏൎപ്പാടും കരുതി ഇരിക്കുകയും ചെയ്യുമ്പോൾ അന്യോന്യം അനാവശ്യമായി ഒരു പരിഭവത്തിന്ന കാരണമുണ്ടാവുന്ന.

മത്സരമോ വിരോധമോ അരുതെന്ന നമ്മളുടെ പ്രമാണങ്ങൾ ഘോഷിക്കുന്നതിൽ സാരമായ ചില വലിയ തത്വങ്ങൾ അടങ്ങീട്ടുണ്ട്. മത്സരവും വിരോധവും ആരോടും ആവശ്യമില്ല. ലൌകികവും കാൎയ്യവും രണ്ടായിട്ടു സ്വീകരിക്കേണ്ടതും അങ്ങിനെ സ്വീകരിക്കുന്നത് എപ്പോഴും നല്ലതും ആകുന്ന. ലൌകികം ദേഹസംബന്ധവും, കാൎയ്യം പ്രവൃത്തിസംബന്ധവും ആകുന്ന. എന്നാൽ ദേഹസംബന്ധം കാൎയ്യത്തിൽ എത്രയോ മിശ്രമായി മുങ്ങികിടക്കുന്ന എന്ന പലേ യോഗ്യരും ഘോഷിക്കുന്നതും, അത് ഒരു വിധം വാസ്തവവുമാകുന്ന. എങ്കിലും അവ രണ്ടും രണ്ടായിട്ടു സ്വീകരിക്കുന്നതു പ്രവൎത്തിയിൽ വളരെ നല്ലതാകുന്ന. ദേഹസംബന്ധമായിട്ടുള്ള മത്സരം കൊണ്ട്. എന്താണ് ഫലം? യാതൊന്നും ഇല്ലല്ലൊ. കാൎയ്യത്തിന്നോ മത്സരം അനാവശ്യവുമാണല്ലൊ. മത്സരം മുതലായ ദുൎഗ്ഗുണങ്ങൾ ഒന്നാമതായി അവ ആരിൽ ഇരിക്കുന്നവോ ആയളെ ചീത്തയാക്കുന്ന എന്ന നിശ്ചയമാണ്. ആരെക്കുറിച്ചാണോ മത്സരമുള്ളത് അയാൾക്ക വല്ല കേടും തട്ടുക എന്നതു രണ്ടാമത്തേതാകുന്ന. അവനവൻ ചീത്തയായാലും അന്യൻ ചീത്തയാവട്ടെ എന്ന ദൃഢമായി വിചാരിക്കുന്നവൎക്ക പക്ഷെ ഇതു തരക്കേടില്ലെന്ന മാത്രമേ ഉള്ളു. മത്സ

രം മുതലായവ അരുതെന്നു പുരാണങ്ങൾ ഘോഷിക്കുന്നതിന്റെ ഒരു തത്വം ഇതാകുന്നു. അതുകൊണ്ടു കാര്യം, കാര്യത്തിനുവേണ്ടി, കാര്യത്തോളം എല്ലാം പ്രവർത്തിക്കേണ്ടതും, മത്സരം ആവശ്യമില്ലാത്തതും, അത് ആരിൽ ഇരിക്കുന്നുവോ അവരെ കേടുവരുത്തുന്ന ഒരു ചീത്ത വസ്തുവും ആകുന്നു എന്നു നമ്മൾ അറിഞ്ഞിരിക്കേണ്ടതാകുന്നു.

(തുടരും)

മണ്ണാർക്കാട്ടു മൂപ്പിൽ നായർ.

—:o:—

# മലയാളത്തറവാടുകൾ.

—:○:—

അയൽനാട്ടുകാർ കണ്ട് അസൂയപ്പെടത്തക്കവണ്ണം വിദ്യാവൈഭവം, ദ്രവ്യപുഷ്ടി, യുദ്ധസാമർത്ഥ്യം, പൌരുഷം, ഉൽക്കർഷേച്ഛ മുതലായ വിശിഷ്ടസാമഗ്രികളാൽ ക്ഷേമത്തെ പ്രതിപദം മേല്പോട്ടുയർത്തിക്കൊണ്ടു നിശ്ചഞ്ചലമായ ഐശ്വര്യസമ്പത്തോടുകൂടി വളരെക്കാലം കീർത്തിമാർത്താണ്ഡരശ്മികളെ ലോകമെങ്ങും പ്രകാശിപ്പിച്ചുകൊണ്ടിരുന്നിരുന്ന ഈ കേരളദേശം, തന്റെ സന്തതികളായ നാടുവാഴികളുടേയും ജന്മികളുടെയും മററും ഐകമത്യക്ഷയം, മൌഢ്യം, അന്ധവിശ്വാസം മുതലായ ദുർഗ്ഗുണങ്ങൾ നിമിത്തം അധഃപതിച്ചുകൊണ്ടു കഠോരവും ഭയങ്കരവുമായ ക്ഷാമാന്ധകാരത്തിലേക്ക് ഇറങ്ങുവാൻ കാലോങ്ങിനില്ക്കുന്ന ഈ അവസരത്തിൽ, ആ മാതൃഭൂമിയുടെ താൽക്കാലികാവസ്ഥയെ കണ്ടു ഞെട്ടിയുണർന്നു, കീഴ്പൊട്ടു താണു താണു ഭയങ്കരമവസ്ഥയോടടുത്തിരിക്കുന്ന അതിനെ ഒന്നു പിടിച്ചു മേല്പോട്ടു കയററുവാൻ പ്രോത്സാഹിപ്പിക്കേണ്ടതിന്നു 'കച്ചകെട്ടി, പുറത്തിറങ്ങിയിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ട ഈ "ജന്മി"പ

ത്രത്തിന്നു മേൽക്കുമേൽ ശ്രേയസ്സുണ്ടാകുവാൻ ഒന്നാമതായി ആശംസിച്ചശേഷം "ജന്മി" യുടെ ഉദ്ദേശങ്ങളിൽ ഒന്നായ "തറവാട്ടുസമ്പ്രദായത്തെ നന്നാക്കി നിലനിൎത്തുവാൻ അതിലെ അംഗങ്ങൾ സ്വീകരിക്കേണ്ടുന്ന മാൎഗ്ഗങ്ങളെപ്പററി" ചുരുക്കത്തിൽ നാലുവാക്കു പറഞ്ഞുതുടങ്ങാം.

മലയാളതറവാട്ടുകൾ എന്നുവേണ്ട, മലയാളമൊട്ടുക്കു തന്നെ ക്ഷയിച്ചു ക്ഷയിച്ചു തൽക്കാലം വളരെ മോശസ്ഥിതിയിൽ കിടക്കുന്നുവെന്നു ചില പക്ഷക്കാരും, സമഷ്ടിയായാലോചിക്കുന്നതായാൽ മലയാളത്തിനുലക്കു പറയത്തക്കതായി യാതൊരു ക്ഷയവും നേരിട്ടിട്ടില്ലെന്നും ഒരു ഭാഗം ക്ഷയിച്ചിട്ടുണ്ടെങ്കിൽ മറെറാരുഭാഗം വൃദ്ധിപ്പെട്ടിട്ടുമുണ്ടെന്നും മററും മറെറാരു പക്ഷക്കാരും ഇപ്പോൾ വാദിക്കുന്നതായി നാം അറിയുന്നുണ്ടല്ലൊ. ഇതിൽ ഏതുപക്ഷത്തിലാണ് വാസ്തവാവസ്ഥ അടങ്ങിയിരിക്കുന്നതെന്ന് ഈ സന്ദൎഭത്തിൽ നമുക്കാലോചിക്കേണ്ടിയിരിക്കുന്നു. അനാവൃഷ്ടികൊണ്ടും നികുതിഭാരം കൊണ്ടും, ജനസംഖ്യയുടെ വൎദ്ധനയേ അനുസരിച്ചു നാട്ടിൽ ധാന്യങ്ങൾ കിട്ടാതെ വന്നിരിക്കുന്നതുകൊണ്ടും നാട്ടിലെ സാരം മുഴുവനും വററി വരണ്ടുപോകുന്നുവെന്നും; പുതിയ പരിഷ്കാരരംഗത്തിൽ മിക്കവാറും ജനങ്ങൾ വേഷം കെട്ടിപ്രവേശിച്ചിരിക്കുന്നതുകൊണ്ടും ഔദാസീന്യംകൊണ്ടും വേലചെയ്യുന്നതു നികൃഷ്ടമായ ഒരു ജോലിയാണെന്നു കരുതി അതിൽനിന്നു പിന്മടങ്ങി ജനങ്ങൾ മറെറാരു വഴിക്കു തിരിഞ്ഞും നിൽക്കുന്നതിനാൽ നാട്ടിൽ ക്ഷാമം കടന്നുകൂടി സ്ഥലം പിടിച്ചിരിക്കുന്നുവെന്നും; മേലിലെങ്കിലും നമ്മുടെ നാട്ടിനെ അഭ്യുന്നതിയിൽ കൊണ്ടുവരേണ്ടവരായ നമ്മുടെ ചെറുപ്പക്കാർ കാലദേശാവസ്ഥകളെ അനുസരിച്ചല്ലാത്ത വിദ്യാഭ്യാസരീതിയാലും മലയാളതറവാട്ടുകളിലെ സ്ഥിരതയില്ലാത്ത ഭരണസമ്പ്രദായത്താലും ദുസ്വാതന്ത്ര്യന്മാരായിത്തീൎന്നിരിക്കുന്നതുകൊണ്ട് ആ ഭാഗം പരിതപിക്കത്തക്ക സ്ഥിതിയിൽത്തന്നെയാണ് കാണുന്നതെന്നും; അതുകൊണ്ടു

നമ്മുടെ നാട്ടിന്ന് ഒരിക്കലും ഒരുവിധത്തിലും ക്ഷേമമുണ്ടെന്നു പറഞ്ഞുകൂടെന്നും മററുമാണ് ഒന്നാമത്തെ പക്ഷക്കാരുടെ വാദം. നികുതി എന്നത് ആദായത്തിൽനിന്നു രാജഭോഗമായി കൊടുക്കേണ്ട ഒന്നാകയാലും, വിശിഷ്യ ആ നികുതിസംഖ്യ മുഴുവനും നാട്ടിലേക്ക് ഉപകാരപ്രദങ്ങളായ കാര്യങ്ങളിൽത്തന്നെ ചിലവുചെയ്തു വരുന്നതുകൊണ്ടും അതൊരിക്കലും ഒരു നഷ്ടമായി കരുതാവുന്നതല്ലെന്നും, ജനങ്ങളുടെ വർദ്ധനയ്ക്കനുസരിച്ചു തരിശായി കിടന്നിരുന്ന എത്രയോ സ്ഥലങ്ങൾ വെട്ടി തെളിയിച്ചു കൃഷിക്കുപയോഗപ്പെടുത്തി വന്നിട്ടുണ്ടെന്നും, അനാവൃഷ്ടികൊണ്ടു കൃഷിക്കു ദോഷം തട്ടുന്നുണ്ടെന്നു സമ്മതിക്കാതെ കഴികയില്ലെങ്കിലും കൈത്തൊഴിലിൽനിന്നും കച്ചവടത്തിൽനിന്നും മററു പല ഉദ്യോഗങ്ങളിൽനിന്നും ജനങ്ങൾ പണം സമ്പാദിച്ച് ഇതരദേശങ്ങളിൽനിന്നു ഭക്ഷണങ്ങൾ വരുത്തി അവരവരുടെ ആവശ്യം നിറവേററുന്നതു കൂടാതെ ബാക്കി കുറെ പണം കെട്ടിവെക്കുകകൂടി ചെയ്യുന്നുണ്ടെന്നും, നമ്മുടെ നാട്ടിൽതന്നെ ഒരു ഭാഗം താണിട്ടുണ്ടെങ്കിൽ മറെറാരു ഭാഗം ഉയന്നിട്ടുമുണ്ടെന്നും മററുമാണ് ഇതരപക്ഷക്കാർ വ്യവഹരിക്കുന്നതു്. ഏതായാലും നാം സൂക്ഷ്മദൃഷ്ട്യാ ആലോചിച്ചു നോക്കുന്നതായാൽ ഒന്നാമത്തെ പക്ഷക്കാരോടുതന്നെ യോജിച്ചു നിൽക്കേണ്ടിവരും. ഇവർ പറയുന്ന സംഗതികളെ പ്രത്യേകം പ്രത്യേകം എടുത്തു നല്ലവണ്ണം നോക്കുന്നതായാൽ നമ്മുടെ ദേശം ക്ഷാമദേവതയുടെ ദംഷ്ട്രകൾക്കിടയിൽ ഇതാ കുടുങ്ങുവാൻ പോകുന്നു എന്നു തെളിവായിക്കാണാം. ഇതരപക്ഷക്കാർ തങ്ങളുടെ വാദത്തെ സ്ഥിരപ്പെടുത്തുവാൻ വേണ്ടി, നായർ സമുദായത്തിന്നു ചെറിയ ഒരു പതനം സംഭവിച്ചിട്ടുണ്ടെങ്കിലും മാപ്പിളസമുദായവും ഈഴവസമുദയവും ഒന്നു മേൽപ്പോട്ടുതന്നെയാണ് കയറി നിൽക്കുന്നതെന്നു നമ്മുടെമുമ്പിൽ ഹാജരാക്കുന്ന ലക്ഷ്യം. ഏകദേശം ശരിയായിരിക്കാമെന്നു സമ്മതിക്കാമെങ്കിലും കേരളദേശത്തെ ഓരോ ഭാഗമായി പിരിച്ചുനോക്കാതെ ഒ

ന്നായെടുത്തു നോക്കുന്നതായാൽ അതു പൂർവ്വസ്ഥിതിയിൽ നിന്നു വളരെ താഴെയാണ് നിൽക്കുന്നതെന്നാണ് കാണുന്നത്. മലയാളതറവാടുകളെ മാത്രം സംബന്ധിച്ചിട്ടല്ലാതെ കേരളമൊട്ടുക്കു സംബന്ധിക്കുന്ന ഒരു നിരൂപണം ഇവിടെ ആവശ്യമില്ല. അതുകൊണ്ടും ലേഖനദൈർഘ്യത്തിലുള്ള ഭയംകൊണ്ടും ഇതരപക്ഷക്കാരുടെ വാദങ്ങളെ പ്രതിപദം എടുത്തു ഖണ്ഡിക്കുവാൻ ഇപ്പോൾ മുതിരുന്നില്ല. മലയാളതറവാടുകളെ സംബന്ധിച്ചുള്ള അവരുടെ ഏതാനും ചില ആക്ഷേപങ്ങൾക്ക് എൻെറ ഈ ലേഖനത്തിൽ സമാധാനം കിട്ടുന്നതുമാകുന്നു. ഇനി പ്രസ്തുതവിഷയത്തിലെ ആദ്യരംഗത്തിൽ പ്രവേശിക്കാം.

“പൂർവ്വകാലത്തിൽ നായന്മാർ കേരളത്തിലെ സ്വാതന്ത്ര്യാധികാരങ്ങളുള്ളവരായിരുന്ന ‘രാജാക്കന്മാരുടെ ബാഹുക്കളും, മന്ത്രികളും, ആശ്രിതന്മാർക്കു സ്വാമികളും” ആയിരുന്നുവെന്നു പല ചരിത്രകർത്താക്കന്മാരും സമ്മതിക്കുന്നുണ്ട്. ഇവരുടെ (നായന്മാരുടെ) ഉത്ഭവത്തെപ്പററി ഇന്നും പണ്ഡിതന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങളാണുള്ളത്. നായന്മാർ നാഗാരാധന ചെയ്യുന്നവരായതുകൊണ്ട് ഉത്തരഇന്ത്യയിലെ നാഗഭക്തന്മാരായ നാഗന്മാ(സിതിയ)രുടെ കൂട്ടത്തിൽനിന്നു പിരിഞ്ഞുപോന്നവരാണെന്നു ചിലരും, നായർസ്ത്രീകൾ ബഹുഭർത്തൃത്വം ആചരിക്കുന്നവരാണെന്നുള്ള നിശ്ചയത്തിന്മേൽ ഈ ആചാരം നടപ്പുള്ള തിബത്തു (Tibet) രാജ്യത്തുനിന്നു പോന്നവരാണെന്നു വേറെ ചിലരും, ഭാഷയെ സംബന്ധിച്ചുള്ള ചില തെളിവുകളെ അടിസ്ഥാനമാക്കി നായന്മാർ ദ്രാവിഡവംശജന്മാരാണെന്നു മററു ചില കൂട്ടരും, നേപാളദേശനിവാസികളുടെ ദേവാലയങ്ങളുടേയും നായന്മാരുടെ ക്ഷേത്രങ്ങളുടേയും ആകൃതികൾക്കുള്ള സാമാന്യസാദൃശ്യത്തേയും അവിടങ്ങളിലുള്ള സ്ത്രീകളും നായർസ്ത്രീകളും ബഹുഭർത്തൃത്വം ആചരിക്കുന്നുണ്ടെന്ന സംഗതിയേയും അടിസ്ഥാനമാക്കി വിചാരിച്ചും, ‘നായർ’—‘നീവർ’ എന്നി

വാക്കുകളുടെ ഉത്ഭവസ്ഥാനം ഒന്നാണെന്നൂഹിച്ചും 'നീവർ' എന്ന വർഗ്ഗക്കാരുടെ ഇടയിൽനിന്ന പോന്നവരാണ് നായന്മാരെന്നു നാലാമത് ഒരു പക്ഷക്കാരും പറയുന്നുണ്ട്. ഇങ്ങിനെ പലരും പലവിധം അവരവരുടെ സരസ്വതീപ്രസാദംപോലെ ഓരോവിധം അഭിപ്രായപ്പെടുന്നു. "നായന്മാർ പുറമേ അനേകദ്രാവിഡവംശക്കാരും മററും മലയാളത്തിൽ വന്നു ചേർന്ന് ഒരു ജനമായ്ത്തീർന്നവരുടെ സന്താനമാകുന്ന നായന്മാർ" എന്നു "നായർ" പത്രഗ്രന്ഥം ഒന്നാംലക്കത്തിൽ പത്രാധിപർ മിസ്റ്റർ കാ. കണ്ണൻനായർ സയുക്തികം പ്രതിപാദിച്ചിരിക്കുന്നു. വാദത്തിലിരിക്കുന്ന പ്രസ്തുതസംഗതിയെ പററി പര്യാലോചിക്കുന്നത് ഏതായാലും പ്രകൃതത്തിലേക്ക് അത്ര വളരെ ആവശ്യമുള്ളതായിരിക്കുന്നില്ല.

അസീറ്യാരാജ്യത്തുണ്ടായിരുന്ന ബാബിലോൺ പട്ടണത്തിൽനിന്ന് ഇയ്യിടെ കിട്ടിയ ചില ലക്ഷ്യങ്ങൾകൊണ്ടും, സാലമൻ എന്ന ജൂതരാജാവിന്റെ കാലത്തു നടന്നിരുന്ന കപ്പൽക്കച്ചവടത്തെപ്പററിയും മററും ബൈബിളിൽ കാണുന്ന ചില സംഗതികളിൽനിന്ന സുറിയ മുതലായ പ്രാചീനരാജ്യങ്ങളും കേരളവുമായി കച്ചവടം നടന്നിരിക്കേണമെന്നും മററും ഊഹിക്കാവുന്നതുകൊണ്ടും, ക്രിസ്ത്വാബ്ദത്തിന്ന് 1500 കൊല്ലം മുമ്പു നടന്നിട്ടുള്ളതായിരിക്കണമെന്നൂഹിക്കപ്പെടുന്ന ഭാരതയുദ്ധകാലത്തിൽ കേരളം ഒരു രാജ്യമെന്ന് എണ്ണത്തക്കവിധത്തിലുള്ള ഒരു പരിഷ്കൃതാവസ്ഥയിലെത്തീട്ടുണ്ടെന്നു മഹാഭാരതത്തിൽനിന്നറിയുന്നതുകൊണ്ടും, ക്രിസ്ത്വാബ്ദത്തിന്നു 300-ൽ ചില്വാനം കൊല്ലങ്ങൾക്കു മുമ്പ് ആക്രമിച്ച അലക്സാണ്ടർ എന്ന മഹാന്റെ പ്രതിനിധിയായിവന്ന മെഗസ്തനീസ്സ് എന്ന ആൾ എഴുതീട്ടുള്ള ഗ്രന്ഥത്തിൽ നിന്നും, ക്രിസ്ത്വാബ്ദം ഒന്നാംനൂററാണ്ടിൽ എഴുതീട്ടുള്ള "പെരിപ്ലസ്സ്" "പ്ലീനി" എന്നീഗ്രന്ഥങ്ങളിൽനിന്നും, രണ്ടാം നൂററാണ്ടിൽ ടോൾമി എഴുതീട്ടുള്ളതിൽനിന്നും, ഇണ്ടികൊപ്ലൂസ്റ്റീസ്സ്

എന്ന ഗ്രീക്ക് സന്യാസി 6-ാം നൂറ്റാണ്ടിൽ എഴുതീട്ടുള്ള പുസ്തകത്തിൽനിന്നും കേരളത്തെപ്പറ്റി പല വിവരങ്ങളും കിട്ടുന്നതിന്നു പുറമെ, കേരളവും യൂറോപ്പുമായി അക്കാലങ്ങളിൽ കച്ചവടം നടന്നിട്ടുണ്ടെന്നും മറ്റും അറിയുന്നതുകൊണ്ടും എത്രയോ പുരാതനമായ കാലത്തുതന്നെ കേരളം അദ്ധ്വാനശീലന്മാരും പൌരുഷം പൂർത്തീകരിച്ചവരും ഉൽക്കർഷികളും ആയ ഒരു വർഗ്ഗക്കാരുടെ നിവാസഭൂമിയായിത്തീർന്നിട്ടുണ്ടെന്നു വെളിവാകുന്നുണ്ട്. ഈ വർഗ്ഗക്കാർ ഇപ്പോൾ കാണുന്ന ചെറുമർ, പുലയർ, മുതലായ അപരിഷ്കൃതന്മാരെന്നും ഇവരെ ശക്തിയേറിയ ആര്യബ്രാഹ്മണർ കേരളത്തിൽ കടന്നു യുദ്ധത്തിൽ പരാജിതരാക്കി കാട്ടിലേക്കോടിച്ചു രാജ്യം മുഴുവനും കൈവശപ്പെടുത്തി സ്വാധികാരപ്രമത്തന്മാരായിത്തീർന്നുവെന്നും, അതിന്നുശേഷം ദ്രാവിഡന്മാരുടെ ഇടയിൽനിന്നു വന്ന് ആര്യബ്രാഹ്മണരുടെ ശാസനപ്രകാരം മരുമക്കത്തായം സ്വീകരിച്ചവരാണ് ഈ കാണുന്ന നായന്മാരെന്നും ചില മുറിന്യായങ്ങളെ അടിസ്ഥാനമാക്കി അഭിപ്രായപ്പെടുന്നതിനേക്കാൾ പുരാതനകാലംമുതൽക്കേ മരുമക്കത്തായം സ്വീകരിച്ചുകൊണ്ടു കേരളത്തിൽ കുടിയേറി പാർത്തിരുന്നവരാണ് നായന്മാരെന്നും, അതിന്നുശേഷം വന്നവരാണ് ബ്രാഹ്മണരെന്നും, നായന്മാരോടുള്ള അധികകാലത്തെ സംസർഗ്ഗം നിമിത്തം അവരുടെ (നായന്മാരുടെ) ചില ആചാരങ്ങൾ ബ്രാഹ്മണരുടെ ഇടയിൽ വ്യാപിച്ചു തുടങ്ങിയെന്നും, ബ്രാഹ്മണരുടെ ബുദ്ധികൌശലത്താൽ നായന്മാരെ സ്വാധീനപ്പെടുത്തി കേരളത്തിലെ ഏതാനും ഭാഗങ്ങളെ കൈവശമാക്കി അനുഭവിച്ചു തുടങ്ങി എന്നും മറ്റും ഊഹിക്കുന്നതിനാണ് നമ്മെ യുക്തി നല്ലവണ്ണം സഹായിക്കുന്നത്.

(തുടരും)

കുന്നത്തു ജനാർദ്ദനമേനോൻ.